കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 11.01.2012

# ആണവശക്തി മനുഷ്യനെ ദുരന്തത്തിലേക്ക് നയിക്കുന്നു: ഡോ.എം.പി.പരമേശ്വരൻ

തൃശൂർ: ആണവശക്തി മനുഷ്യനെ പൂർണ്ണമായും ദുരന്തത്തിലേക്ക് നയിക്കുകയാണെന്ന് ശാസ്ത്ര പണ്ഡിതനായ ഡോ. എം.പി. പരമേശ്വരൻ പറഞ്ഞു. വിവിധ ആണവനിലയങ്ങളിലെ അവശിഷ്ടങ്ങൾ എന്തു ചെയ്യണമെന്നറിയാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുന്നുകൂടി കിടക്കുകയാണ്. ഇത് വലിയ അപകടങ്ങൾ ക്ഷണിച്ചുവരുത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ബാലകൃഷ്ണന്റെ 'ആയിരം സൂര്യന്മാർ' എന്ന നോവലിന്റെ പ്രകാശനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആണവശക്തിയുമായി ബന്ധപ്പെട്ട വിഷയം മുഖ്യപ്രമേയമായി അവതരിപ്പിക്കുന്നതാണ് നോവൽ. വർഗീസ് ആന്റണി പുസ്തകം സ്വീകരിച്ചു. മാടമ്പ് കുഞ്ഞുകുട്ടൻ അദ്ധ്യക്ഷനായിരുന്നു. ഗ്രീൻ ബുക്സ് എം.ഡി. കൃഷ്ണദാസ് സ്വാഗതം പറഞ്ഞു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി